വിപണി പോയവാരം

സുഗതൻ പി. ബാ

# സ്റ്റോക്ക് കൂടിയത് വെളിച്ചെണ്ണ വില തകർത്തു

കൊച്ചി: വെളിച്ചെണ്ണ വിലയിൽ തകർച്ച. സ്വർണവില കയറിയിറങ്ങി. ഇലത്തേയില-കുരുമുളക് വില വർധിച്ചു. പാമോയിൽ വിലയും താഴ്ന്നു.

താങ്ങുവില ഉയർത്തി കേന്ദ്ര സർക്കാറിൻെറ പ്രഖ്യാപനത്തിന് പിന്നാലെയും വെളിച്ചെണ്ണ വിപണിയിൽ തളർച്ച പ്രകടമാണ്. കഴിഞ്ഞവർഷം മേയിൽ ക്വിൻറലിന് 10,400 രൂപയെന്ന റെക്കോഡ് നിലവാരത്തിലെത്തിയ വെളിച്ചെണ്ണയുടെ വില പോയ വാരാവസാനം 7100 രൂപയാണ്. വെളിച്ചെണ്ണ വില കുറയുന്നതിന് ആനുപാതിക വിലക്കുറവ് കൊപ്രയുടെ കാര്യത്തിൽ പ്രകടമായിട്ടില്ല. കൊപ്ര വില 4745- 4900 നിരക്കിലാണ് നടന്നത്. വില താഴ്ന്ന് 4500 രൂപ നിരക്കിലേക്കെത്തിയാൽ സംഭരണം ഊർജിതമാക്കേണ്ടി വരും.

ഉത്തരേന്ത്യൻ ഡിമാൻഡ് കുറഞ്ഞതാണ് വെളിച്ചെണ്ണ വില താഴാനുള്ള കാരണങ്ങളിലൊന്ന്. തമിഴ്നാടിൻെറ കൈയിൽ ധാരാളം ചരക്ക് ഉള്ളതിനാൽ വിൽപ്പന സമ്മർദമുണ്ട്. കേരളത്തിനും ചരക്ക് ധാരാളമായുണ്ട്. പാമോയിലിൻെറ വിലകുറവും വിപണിയെ സ്വാധീനിച്ചു. പാമോയിലിന് ചില്ലറ വിൽപ്പന വില 64 രൂപയിൽ താഴെമാത്രമാണ്. പാക്കറ്റിലുള്ള പാമോയിലിന് 68 രൂപയാണ് വില. ചൂടിന് കാഠിന്യം ഏറിയതോടെ കരിക്ക് വിൽപ്പന കൂടി. ഉയർന്ന വില ലഭിക്കുമെന്നതിനാൽ കർഷകരും ഇളനീർ വിൽപ്പനക്ക് തയാറാകുന്നുണ്ട്.

കഴിഞ്ഞ വർഷം അപ്രതീക്ഷിത വില വർധനയാണ് ഉണ്ടായതെന്നാണ് വ്യാപാര കേന്ദ്രങ്ങൾ ചൂണ്ടിക്കാട്ടുന്നത്. ശ്രീലങ്കയിൽ ഉൽപ്പാദനം കുറഞ്ഞപ്പോഴായിരുന്നു വില ഉയർന്നത്. ഇന്ത്യയിൽ നിന്ന് തേങ്ങ ശ്രീലങ്കയിലേക്ക് കയറ്റി യിരുന്നു. വെളിച്ചെണ്ണ വിലയിൽ ഇനിയും കുറവുണ്ടാകുമെന്നാണ് വിപണിയിൽ നിന്നുള്ള സൂചനകൾ. റെഡിയെക്കാൾ കുറഞ്ഞ നിരക്കിലാണ് ഫെബ്രുവരി അവധിയുടെ വിൽപ്പന പോയവാരം നടന്നത്. മാർച്ച് അവധി ഉയർന്ന് നിൽക്കുകയാണെങ്കിലും കാര്യമായ അന്തരമില്ല.

റബർ വിലയിൽ നേരിയ ഉണർവ് പ്രകടമായി. ഊഹക്കച്ചവടക്കാരുടെ ഇടപെടലാണ് വിലയിൽ നിഴലിച്ചത്. ചൈനയിൽ നിന്ന് വൻഡിമാൻറ് എത്തുമെന്ന പ്രതീക്ഷ വിപണിയിൽ ഉണ്ട്. മികച്ച വളർച്ചാനിരക്ക് കൈവരിച്ച ചൈന വൻ തോതിൽ റബർ വാങ്ങിക്കൂട്ടുമെന്ന വാർത്തകൾ അന്താരാഷ്ട്ര വിപണിയിലും സജീവം. ക്വിൻറലിന് 17,800- 18,000 രൂപയാണ് അന്താരാഷ്ട്ര നിരക്ക്. വാരാന്ത്യം നാലാം ഗ്രേഡിന് 19,200 രൂപയും അഞ്ചാം ഗ്രേഡിന് 18,700 രൂപയുമായിരുന്നു കൊച്ചി നിരക്ക്.

കേരളത്തിൽ ഉൽപ്പാദനം പൂർണ തോതിലാണ്. ഫെബ്രുവരി മധ്യം വരെ ടാപ്പിങ് പൂർണതോതിൽ നടക്കും. വേനലിന് കാഠിന്യം ഏറുന്നതോടെ ഉൽപ്പാദനം കുറയുമെങ്കിലും വിലയിലെ ചാഞ്ചാട്ടം മൂലം കർഷകർ പിടിച്ച് വെച്ചതിനാൽ വിപണിയിൽ ദൗർലഭ്യം ഉണ്ടാകില്ലെന്നാണ് വിലയിരുത്തൽ.

ഉത്തരേന്ത്യയിൽ നിന്ന് ആവശ്യക്കാർ എത്തിയതാണ് കുരുമുളക് വില ഉയർത്തിയത്. നേരത്തേ ശേഖരിച്ച മുളക് കുറഞ്ഞ വിലയ്ക്ക് വിറ്റഴിച്ച ഏതാനും നാളുകളായിട്ട് ഉത്തരേന്ത്യയിൽ നിന്ന് കുരുമുളകിന് ഡിമാൻഡ് എത്തിയിരുന്നില്ല.

ജയ്പൂരിലും ജോധ്പുരിലും ദൽഹിയിലുമെല്ലാം കൊച്ചി വിപണിയെക്കാൾ താഴ്ന്ന നിരക്കിലാണ് കുരുമുളക് വിറ്റഴിച്ചത്. സ്റ്റോക്ക് ഏറെക്കുറെ തീർന്നുവെന്നാണ് വിപണിയിൽ നിന്ന് ലഭിക്കുന്ന വിവരം. കേരളത്തിൽ വിപണിയിലേക്കുള്ള വരവ് കുറഞ്ഞിരിക്കുകയാണ്. തെക്കൻ ജില്ലകളിലെ മുളക് സത്ത് ഉൽപ്പാദിപ്പിക്കുന്നവർ നേരിട്ട് വാങ്ങിയതിനാൽ വിപണിയിലേക്ക് മുളക് എത്തുമെന്ന പ്രതീക്ഷയില്ല. ഇടുക്കിയിൽ ഉൽപ്പാദനം കുറവാണെന്ന റിപ്പോർട്ടുകളാണ് പുറത്തുവരുന്നത്. വില ഉയരുന്നതിനുള്ള സാഹചര്യങ്ങളാണ് വിപണിയിൽ നിലനിൽക്കുന്നത്.

കുരുമുളക് അൺഗാർബിൾഡ് 30,500 രൂപ, ഗാർബിൾഡ് 32,000 രൂപ എന്നിങ്ങനെയായിരുന്നു വാരാന്ത്യ നിരക്ക്.

സ്വർണ വിപണിയിൽ ചാഞ്ചാട്ടം പ്രകടമായി. അന്താരാഷ്ട്ര വിപണിയിലെ ചലനങ്ങളാണ് ഇവിടെയും വിലയെ സ്വാധീനിച്ചത്. ചാഞ്ചാട്ടം പ്രകടമായ പോയവാരം യൂറോപ്പിലെ പ്രതിസന്ധി രൂക്ഷമാകുമെന്ന റിപ്പോർട്ടുകളെത്തുടർന്ന് 2560 രൂപവരെ ഉയർന്ന ഗ്രാമിൻെറ വില 2575 രൂപയിലാണ് അവസാനിപ്പിച്ചത്.

2585 രൂപയിലാണ് വാരമാദ്യം വിപണനം തുടങ്ങിയത്. ഡോളർ കരുത്താർജിച്ചതും വിപണിയെ സ്വാധീനിച്ചു.

പാകിസ്താനും ഈജിപ്തും ഇറക്കുമതിക്ക് താൽപ്പര്യം കാട്ടിയതോടെ ഇലത്തേയിലക്ക് വില കൂടി. ഓർത്തഡോക്സ് ഇലത്തേയിലക്ക് രണ്ടുമുതൽ അഞ്ച് രൂപ വരെയും സി.ടി.സി ഇലത്തേയിലക്ക് ആറുരൂപ വരെയും ഉയർന്നു. ഓർത്തഡോക്സ് പൊടിത്തേയിലക്ക് രണ്ട് രൂപ കൂടി.